# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 2026

വിക്ടറി ഗേൾസ് ഹയർ
സെക്കൻഡറി സ്കൂൾ
നേമം

# ഉള്ളടക്കം

- ആമുഖം
- കാഴ്ചപ്പാട്
- പൊതുലക്ഷ്യങ്ങൾ
- അക്കാദമിക പ്രവർത്തനങ്ങൾ
- പ്രവർത്തന വിശദാംശം
- ഉപസംഹാരം

# ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടാണ് പൊതു വിദ്യാഭ്യാസരംഗം മുന്നോട്ടു വയ്ക്കുന്ന മുദ്രാവാക്യം. സ്ക്കൂളുകളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി വിദ്യാഭ്യാസ നിലവാരം ഉയർത്തി കരുത്തുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുക യാണ് നമ്മുടെ ലക്ഷ്യം. കാലത്തിനാവശ്യമായ നൈപുണികൾ വിദ്യാർത്ഥികൾക്ക് പകർന്ന് നൽകി സാമൂഹിക പുരോഗതിയുടെ ആവശ്യങ്ങൾക്കനുസരിച്ച് വിദ്യാർത്ഥികളെ വാർത്തെടു ക്കാൻ കഴിയുമ്പോഴാണ് വിദ്യാലയങ്ങൾ സമൂഹത്തിൽ വഴി വിളക്കുകളാകുന്നത്.

അര നൂറ്റാണ്ടിലേറെയായി നേമം പ്രദേശത്തിന്റെ സാമൂഹിക സാംസ്ക്കാരിക മേഖലക ളിൽ വ്യക്തിമുദ്ര പതിപ്പിച്ച് നിലകൊള്ളുന്ന വിദ്യാലയമാണ് നേമം വിക്ടറി ഗേൾസ് ഹയർസെ ക്കന്ററി സ്കൂൾ. 1950-ൽ വിക്ടറി സ്കൂൾ എന്ന പേരിൽ പ്രവർത്തനം ആരംഭിച്ച ഈ സ്കൂൾ 1961-ല് വിക്ടറി ബോയ്സ് എന്നും വിക്ടറി ഗേൾസ് എന്നും രണ്ടായി വിഭജിക്കുകയും അതനു സരിച്ച് കഴിഞ്ഞ 62-63 കൊല്ലമായി ഈ പ്രദേശത്തിന്റെ സാമൂഹിക സാംസ്കാരിക മേഖല യിൽ ശക്തമായ സന്നിദ്ധ്യമായി നിലകൊള്ളുകയുമാണ്. 1986 വരെ ഈ സ്കൂളിന്റെ മാനേജർ പദവി അലങ്കരിച്ചത് ശ്രീ എൻ.കെ. വാസുദേവൻനായർ അവർകളാണ്. അതിനുശേഷം 2016 വരെ ശ്രീമതി എൻ. കമലാഭായി അമ്മയായിരുന്നു മാനേജർ. ശ്രീമതി ശൈലജാദേവിയാണ് ഇപ്പോഴത്തെ സ്കൂൾ മാനേജർ.

അഞ്ചുമുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലായി 1800ഓളം വിദ്യാർത്ഥിനികൾ 24 ഡിവിഷ നുകളിലായി ഈ സ്കൂളിൽ പഠിക്കുന്നു. അധ്യാപകരും അനധ്യാപകരും ഈ സ്കൂളിൽ സേവനമനുഷ്ഠിക്കുന്നു. 2012 മുതലുള്ള എല്ലാ എസ്.എസ്.എൽ.സി. പരീക്ഷകളിലും 99%ത്തിൽ അധികം വിജയം ഈ സ്കൂൾ കരസ്ഥമാക്കുന്നുണ്ട്. ഈ വർഷം (2022-2023) 100% വിജയം കൈവരിച്ചു. കൂടാതെ ശാസ്ത്ര പ്രവൃത്തി പരിചയമേളകൾ, സ്കൂൾ കലോത്സവങ്ങൾ എന്നിവയിൽ സജീവ സാന്നിദ്ധ്യമാണ് ഈ സ്കൂളിനുള്ളത്. കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിച്ചും മികവുറ്റതും കരുത്തുള്ളതുമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുക എന്ന ലക്ഷ്യത്തോടെ എല്ലാവരുടേയും കൂട്ടായ ശ്രമത്തിലൂടെ മികവുറ്റതാക്കാൻ ഈ സ്കൂളിന് വർഷങ്ങളായി സാധിക്കുന്നു. സ്കൂളിന്റെ കാര്യക്ഷമമായ പ്രവർത്തനത്തന് എൻ.സി.സി.,

ഗൈഡ്സ്, എസ്.പി.സി., വിവിധ ക്ലബുകൾ, പരിസ്ഥിതി പ്രവർത്തനങ്ങൾ എന്നിവയ്ക്ക് നിർണായകമായ പങ്ക് വഹിക്കാൻ സാധിച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസമേഖല ഭൗതികമായും അക്കാദമികമായും വളരെയേറെ മുന്നേറ്റം നടത്തുമ്പോൾ അതിനൊത്ത് മുന്നേറാൻ പരിശ്രമിക്കുകയാണ് ഈ സ്കൂളും.

ശാസ്ത്രസാങ്കേതിക വിദ്യ അനുദിനം വളർന്നു കൊണ്ടിരിക്കുകയണല്ലോ. അതനുസരിച്ച് പുത തലമുറയെ മാറ്റിയെടുക്കുന്നതിന് ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് ലഭിക്കേണ്ടതുണ്ട്. നൂതന സാങ്കേതിക വിദ്യകൾ നമ്മുടെ കുട്ടികൾക്കും സ്വായത്തമാക്കാനുതകുന്ന ചില പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും പഠന പുരോഗതിമാത്രമല്ല സ്വയം തിരിച്ചറിയൽ, സർഗ്ഗാത്മകചിന്ത, നിരീക്ഷണപാടവം, നേതൃപാടവം, ആശയവിനിമയശേഷി, സഹഭാവം തുടങ്ങിയവ ആർജ്ജിക്കാനും കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വിവിധ മേഖലകളിലെ കഴിവുകൾ തിരിച്ചറിയാനും അതിലൂടെ കുട്ടികളുടെ സർവതോന്മുഖമായ വികാസം ഉറപ്പുവരുത്തുവാനും ഈ സ്കൂളിലെ അധ്യാപകരും അനധ്യാപകരും മാനേജ്മെന്റും രക്ഷകർത്താക്കളും സമൂഹപങ്കാളിത്തത്തോടെ ഒരുമിച്ച് കൈകോർക്കാൻ തയ്യാറെടുക്കുന്നു.

ഌഌ

21 പേജ്

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | വിക്ടറി ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ |
| വിലാസം | : | നേമം പി.ഒ. തിരുവനന്തപുരം |
| ഫോൺ | : | 0471-2391395 |
| സ്കൂൾ കോഡ് | : | 44056 |
| വിദ്യാഭ്യാസ ഉപജില്ല | : | ബാലരാമപുരം |
| വിദ്യാഭ്യാസ ജില്ല | : | നെയ്യാറ്റിൻകര |
| റവന്യൂ | : | തിരുവനന്തപുരം |
| ബി ആർ സി | : | ബാലരാമപുരം |
| സി ആർ സി | : | പൂങ്കോട് |
| ഗ്രാമ പഞ്ചായത്ത് | : | പള്ളിച്ചൽ |
| ബ്ലോക്ക് പഞ്ചായത്ത് | : | നേമം |
| ജില്ലാ പഞ്ചായത്ത് | : | തിരുവനന്തപുരം |
| നിയമസഭാ മണ്ഡലം | : | കാട്ടാക്കട |
| ലോക്സഭാ മണ്ഡലം | : | ആറ്റിങ്ങൽ |
| താലൂക്ക് | : | നെയ്യാറ്റിൻകര |
| വില്ലേജ് | : | പള്ളിച്ചൽ |
| ഈ-മെയിൽ | : | vghssnemom44056@gmail.com |

## കാഴ്ചപ്പാട്

കേരളത്തിലെ വിദ്യാഭ്യാസമേഖല കാലോചിതമായ പരിവർത്തനത്തിലൂടെയാണ് കടന്നു പോകുന്നത്. ബോധപൂർവമായ ഇടപെടലുകളിലൂടെ പാഠ്യപദ്ധതി വിനിമയത്തിന് ഇണങ്ങുന്ന സ്ക്കൂൾ പരിസരങ്ങൾ ചർച്ചയാകുകയാണ് അകവും പുറവും സജീവമായ ഇടപെടലകൾക്കും മികച്ച ആസൂത്രത്തിനും വേദിയാകുമ്പോൾ ചില പ്രവർത്തനങ്ങൾ ബോധപൂർവ്വം അവതരിപ്പിച്ചേ മതിയാകൂ. പാഠ്യപദ്ധതി വിനിമയം ഫലപ്രദമാക്കണം. സമൂഹവുമായുള്ള ജൈവബന്ധം വിദ്യാലയത്തിലെ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും വിദ്യാർത്ഥികളുടെ സമഗ്രവികസനത്തിനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും വിദ്യാലയത്തെ സഹായിക്കുന്നു. ഏറ്റവും മികച്ച രീതിയിൽ ഗുണമേൻമ വിദ്യാഭ്യസ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ഇതുവരെയുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്തും നമ്മുടെ ന്യൂനതകളും പരിമിതികളും ഉൾകൊണ്ടും നമുക്ക് കൈവരിക്കാൻ കഴിയുന്ന നേട്ടങ്ങളെക്കുറിച്ചുള്ള ചർച്ചയിൽ ഒരുപാട് സാധ്യതകൾ നമുക്ക് മുന്നിൽ ഉണ്ടെന്ന വസ്തുത നാം മനസ്സിലാക്കി. നമ്മുടെ സ്കൂൾ വികസനത്തിനായി നാം കൈവരിക്കാൻ ആഗ്രഹിക്കുന്നതും ലക്ഷ്യമിടുന്നതുമായ കാര്യ ങ്ങൾ ചർച്ചയിൽ വരുകയും, ഭാവിയിൽ നമ്മുടെ വിദ്യാലയം എപ്രകാരമുള്ളതായിരിക്കണം എന്നതിനെ കുറിച്ച് സമഗ്രമായി ചർച്ച നടത്തി കൈ കൊണ്ട തിരുമാനങ്ങൾ താഴെ കുറിക്കുന്നു.

- **ദിനാചരണങ്ങൾ** : ഓരോ ദിനത്തിന്റെയും പ്രാധാന്യം മനസ്സിലാക്കി കുട്ടികളിൽ ആ ദിവസങ്ങളുടെ പ്രസക്തിയും, ജിജ്ഞാസയും രൂപപ്പെടുത്തി എടുക്കാൻ പര്യാപ്തമായ രീതിയിൽ ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. ഗണിത ശാസ്ത്ര സാമൂഹ്യ വിഷയങ്ങളിലുള്ള പ്രമുഖരുടെ നേട്ടങ്ങൾ, കൈവരിച്ചദിനങ്ങൾ, സ്വാതന്ത്ര്യദിനം, പരിസ്ഥിതിദിനം, ഹിരോഷിമ നാഗസാക്കി ദിനം, വായനാവാരം, റിപ്പബ്ലിക്ദിനം, സാഹിത്യകാരൻമാരുടേയും പ്രമുഖരുടേയും ജൻമദിനങ്ങൾ എന്നിവ ആചരിക്കാൻ തീരുമാനിക്കുന്നു.
- **ക്ലബുകൾ** : വിഷയാധിഷ്ഠിത ക്ലബുകൾ (ഇംഗ്ലീഷ്, മലയാളം, ഹിന്ദി, ഗണിതം, സോഷ്യൽ സയൻസ്, ഐറ്റി)ക്ക് പുറമെ പ്രവർത്തിക്കുന്ന ഗാന്ധി ദർശൻ ക്ലബ്, പരിസ്ഥിതി ക്ലബ്, എൻ.സി.സി എസ്.പി.സി. ഗൈഡ്സ്, എനർജി ക്ലബ്, കൃഷി ക്ലബ്, വിദ്യാരംഗം. തുടങ്ങിയ ക്ലബുകളുടേയും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും തിരുമാനിച്ചു.

- **SRG ഗ്രൂപ്പിന്റെ നൂതന ഇടപെടൽ**

SRG ഗ്രൂപ്പിൽ ചർച്ചചെയ്യേണ്ട വിഷയങ്ങൾ മുൻകൂട്ടി പ്ലാൻ ചെയ്യുകയും. SRG യോഗങ്ങൾ സമയബന്ധിതമായി ചേരുകയും കൂടുതൽ നൂതനമായ ആശയങ്ങൾ പങ്കുവയ്ക്കുകയും ചെയ്യുന്നു. SRG യോഗത്തിനു മുമ്പുതന്നെ എല്ലാ അധ്യാപകർക്കും ഫോർമാറ്റ് നൽകുകയും അതനുസരിച്ച് ചർച്ചകൾ നടത്തി തീരുമാനങ്ങൾ എടുക്കാൻ കഴിയുന്നു. പ്രഥമാധ്യാപകൻ നൽകേണ്ട പിന്തുണാവശ്യങ്ങൾ തിരിച്ചറിഞ്ഞ് പ്രാവർത്തികമാക്കാൻ കഴിയുന്നു.

- **ലാബുകൾ**

നിരന്തരം വികസിച്ചു കൊണ്ടിരിക്കുന്നതും ഏതവസരത്തിലും സ്വതന്ത്രമായി ഉപയോഗിക്കാൻ കഴിയുന്നതുമായ സാമൂഹ്യ - ശാസ്ത്ര - ഗണിത - ഭാഷാ ലാബുകൾ കൂടുതൽ വികസിപ്പിക്കുന്നു. മൈക്രോലാബ് സജ്ജീകരണം - ക്ലാസു കളിൽ സയൻസ് ലാബുകളുടെ സംവിധാനം

- **ലൈബ്രറിയുടെ ഉപയോഗം**

വിവിധ വിഷയങ്ങളുടെ പഠനസാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് പഠനചുമർ പ്രൈമറി തലത്തിൽ വ്യാപകമായി ഉപയോഗിക്കും. ഓരോ ക്ലാസ്സിലും ക്ലാസ് ലൈബ്രറിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കും. കുട്ടികളുടെ വായന കൂട്ടങ്ങൾ രൂപപ്പെടുത്തും. സ്കൂൾ ലൈബ്രറി ഇവിടെ സജീവമാണ്.

- **ഹൈടെക് സംവിധാനങ്ങളും ഉപയോഗങ്ങളും**

കുട്ടികളിൽ കൗതുകവും താത്പര്യവും വളർത്തിക്കൊണ്ട് പഠനം സുഗമമാക്കുന്നതിന് ഐ.സി.റ്റി സാധ്യതകൾ അനന്തമാണ്. യു.പി., എച്ച്.എസ് ക്ലാസ്സുകളിൽ ഐ.സി.റ്റി അധിഷ്ഠിത ക്ലാസ് റും മാതൃകകൾ സൃഷ്ടിച്ചുകൊണ്ട് അക്കാദമിക നിലവാരം ഉയർത്തും.

- **ഹരിതവിദ്യാലയം**

കുട്ടികൾക്ക് കൃഷിയോട് അഭിമുഖ്യം ഉണ്ടാക്കാനും ജൈവകൃഷിയിൽ കുട്ടികളെ സ്വയം പര്യാപ്തമാക്കുന്നതിനും ഇപ്പോൾ പ്രവർത്തിക്കുന്ന കൃഷി കൂടുതൽ കാര്യക്ഷമമാക്കും.

- **ഭിന്നശേഷി വിദ്യാർത്ഥികളുടെ ശേഷിവികസനം**

ഭിന്നശേഷി വിദ്യാർത്ഥികളുടെ ശാരീരിക പഠന പരിമിതികളെ മറികടന്ന് മുന്നേറ്റു വാൻ പ്രാപ്തരാക്കും. പഠനം അവർക്ക് ആകർഷകവും ആസ്വാദകരവും ആക്കും. അവരുടെ അവസരവും പങ്കാളിത്തവും ഉറപ്പുവരുത്തും.

- ▶ കുട്ടികളുടെ സർഗ്ഗശേഷി വികസനവും സാമൂഹിക പ്രതിബദ്ധതയും വർദ്ധിപ്പിക്കൽ

കുട്ടികളിൽ ഉള്ള സർഗ്ഗശേഷി വികസിപ്പിക്കൽ സാമൂഹിക പ്രതിബദ്ധത വർദ്ധിപ്പിച്ച് അവരെ സമൂഹജീവിയാക്കാനും ഉതകുന്ന അവസരങ്ങൾ ഉണ്ടാക്കിയെടുക്കും. ജീവ കാരുണ്യപ്രവർത്തനങ്ങളിൽ പങ്കാളിയാക്കുക, സമൂഹനേട്ടങ്ങൾക്ക് കാരണമാകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുക, ശുചീകരണം ആരോഗ്യമേഖലയിൽ ചെയ്യാവുന്ന സത്കർമ്മങ്ങൾ തുടങ്ങിയവയിൽ പങ്കാളിയാകാൻ പ്രാപ്തരാക്കും.

- ▶ കായികപരിശീലന സൗകര്യങ്ങൾ

കുട്ടികൾക്ക് കായിക ശേഷി വർദ്ധിപ്പിക്കുന്നതിനായി കായിക പരിശീലനം കൂടുതൽ സാധ്യമാക്കി കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ തയ്യാറെടുക്കും.

- ▶ ലൈബ്രറി

സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കാനും വായന ശക്തിപ്പെടുത്താനും വേണ്ട സംവിധാനങ്ങൾ ആവിഷ്ക്കരിക്കാം.

- ക്ലാസ്സ് ലൈബ്രറി മെച്ചപ്പെടുത്തൽ
- വീട്ട് ലൈബ്രറി രൂപീകരിക്കൽ
- റീഡിംഗ് റൂം തയ്യാറാക്കൽ
- വായന പ്രോത്സാഹിപ്പിക്കാൻ വൈവിധ്യമാർന്ന അവസരങ്ങൾ ഒരുക്കും.
- ആനുകാലികങ്ങളുടെ വിപുലമായ ശേഖരണം.
- അധികവായനയ്ക്ക് നൽകുന്ന പാഠഭാഗങ്ങൾ വിഷയാടിസ്ഥാനത്തിൽ ക്ലാസ് ലൈബ്രറിയിൽ സൂക്ഷിക്കുന്നു.

- ▶ ലാബ് ശാക്തീകരണം

ശാസ്ത്രം, സാമൂഹിക ശാസ്ത്രം, ഗണിതം,ഭാഷാപഠനം, ഐ.ടി എന്നിവയുമായി ബന്ധപ്പെട്ട ലാബുകളുടെ നവീകരണം.

- ഭാഷാപഠനം മെച്ചപ്പെടുത്താൻ ഭാഷാ ലാബുകൾ ആരംഭിക്കാം.
- ശാസ്ത്രപഠനം പരീക്ഷണത്തിലൂടെ നേടുന്നതിന് അവസരമൊരുക്കുന്നു.
- ഒഴിവുസമയത്ത് പരീക്ഷണങ്ങളിൽ ഏർപ്പെടുത്തതിനുള്ള അവസരമൊരുക്കും.
- ശാസ്ത്രമേളയിൽ പങ്കെടുക്കാൻ ആവശ്യമായ സഹായങ്ങൾ നൽകുന്നു.
- ഗണിതം മധുരമാക്കാൻ ഗണിതലാബുകൾ
- മൈക്രോലാബ് (ക്ലാസുകളിൽ ലാബ് സജ്ജീകരണം)

- കമ്പ്യൂട്ടർ ലാബ് - ഐ.സി.റ്റി സാധ്യതകൾ വികസിപ്പിക്കൽ
  - കുട്ടികളുടെ സൃഷ്ടികൾ പ്രസിദ്ധീകരിക്കാൻ ബ്ലോഗ് സൗകര്യം.
  - ഷോർട്ട് ഫിലിം, ഡോക്യുമെന്ററി, പ്രോജക്റ്റ് എന്നിവ തയ്യാറാക്കാൻ അവസരമൊരുക്കൽ
  - ഐ.റ്റി മേളകളിൽ പങ്കെടുത്ത് വിജയിപ്പിക്കാൻ വേണ്ട പരിശീലനം
- പരിസ്ഥിതി പ്രവർത്തനങ്ങൾ
  - പരിസ്ഥിതി ക്ലബിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നു.
  - സാമൂഹിക പങ്കാളിത്തത്തോടെ ശുചീകരണപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കൽ.
  - ജൈവ വൈവിധ്യ ഉദ്യോനം തയ്യാറാക്കൽ
  - ചാരിറ്റി പ്രവർത്തനങ്ങൾ
  - മരങ്ങൾ വച്ചുപിടിപ്പിക്കൽ
  - വെള്ളായണി കായൽ, കാവ്, കുളം സംരക്ഷണ പ്രവർത്തനങ്ങൾ
  - മുക്കുന്നിമല സംരക്ഷണത്തിൽ പങ്കാളിത്തം ഉറപ്പിക്കൽ
  - ജലസ്രോതസ്സുകൾ സംരക്ഷിക്കൽ
  - പ്ലാസ്റ്റിക് നിർമ്മാർജ്ജനം

ഠഠഠ

# പൊതുലക്ഷ്യങ്ങൾ

വർത്തമാനകാലത്തിലൂടെ മുന്നോട്ട് നീങ്ങുന്ന ജനതയ്ക്ക് കടന്നു പോയ വഴികളും വരാനിരിക്കുന്ന പ്രതീക്ഷകളും പ്രവർത്തനത്തിന് ആക്കം കൂട്ടുന്നവയാണ്. സ്വന്തം കുട്ടി മികച്ച സൗകര്യങ്ങളോടു കൂടി പഠിക്കണമെന്നുള്ളത് ഏതൊരു രക്ഷിതാവിന്റേയും ആഗ്രഹമാണ്. ഏറ്റവും മികച്ച വിദ്യാഭ്യാസം ലഭിക്കുക എന്നത് കുട്ടികളുടെ അവകാശവുമാണ്. ഈ സാഹചര്യത്തിൽ ഈ സ്കൂളിന്റെ അക്കാദമിക പ്രവർത്തനങ്ങൾ സജീവമാകണമെങ്കിൽ അതിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. അതിനനുസൃതമായ ഒരു അന്തരീക്ഷം ഉണ്ടാക്കിയെടുക്കാൻ അദ്ധ്യാപകരും രക്ഷകർത്താക്കളും മാനേജുമെന്റും ചേർന്ന് സംയുക്ത കമ്മിറ്റികളെ രൂപീകരിച്ച് താഴെപ്പറയുന്ന വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാനുദ്ദേശിക്കുന്നു.

- **സ്കൂളിന്റെ എലിവേഷൻ ആകർഷകമാക്കണം**

  അതിനായി സ്കൂൾ കോമ്പൗണ്ടിലെ പഴയ കെട്ടിടങ്ങൾ പൊളിച്ച് അവിടെ ബഹുനില മന്ദിരം പണിയും. അതിലൂടെ കുട്ടികൾക്ക് കളിക്കാനും മറ്റും കൂടുതൽ സ്ഥലം ലഭ്യമാക്കും.

- **യുപി. ക്ലാസ്സുകൾ പ്രവർത്തിക്കുന്ന ക്ലാസ് മുറികൾ ശിശുസൗഹൃദമാകണം**

  നിലവിൽ യു.പി. ക്ലാസുകൾ പ്രവർത്തിക്കുന്ന ക്ലാസ് മുറികൾ കുട്ടികളെ ആകർഷിക്കത്തക്ക വിധത്തിൽ പെയിന്റ് ചെയ്യുകയും അവർ ഇഷ്ടപ്പെടുന്ന ജന്തുക്കളുടേയും, പക്ഷികളുടേയും മൃഗങ്ങളുടേയും വൃക്ഷങ്ങളുടേയും കാർട്ടൂൺ കഥാപാത്രങ്ങളുടേയും ചിത്രങ്ങൾ ആലേഖനം ചെയ്യുക.

- **ശുദ്ധജല ലഭ്യത**

  കുട്ടികൾക്ക് കുടിക്കുവാനുള്ള വെള്ളം മലിനമാകാത്തതാണ് എന്നുറപ്പാക്കും. അതിനായി സ്കൂൾ കെട്ടിടത്തിന്റെ ഓരോ നിലയിലും ഓരോ 'വാട്ടർ പ്യൂരിഫയർ' സ്ഥാപിച്ച് അതിലൂടെ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തും

- **ശുചിമുറികൾ**

  സ്കൂളിലെ ശുചിമുറികളുടെ എണ്ണം ഘട്ടം ഘട്ടമായി വർദ്ധിപ്പിക്കും. അവയിലെല്ലാം ആവശ്യത്തിനു വെള്ളവും മറ്റ് ശുചീകരണ സാമഗ്രികളും ലഭ്യമാക്കും. കൂടുതൽ Napkin Wending Machine ഉം Insinator ഉം സ്ഥാപിക്കും.

▶ ക്ലാസ്സ് റൂം

എല്ലാ ക്ലാസ്സ് മുറികളിലും ആവശ്യത്തിന് ബഞ്ചും ഡസ്ക്കും ലഭ്യമാകും. പഴകിയതും ഉപയോഗ യോഗ്യമല്ലാത്തതുമായ എല്ലാവിധ ഫർണിച്ചറുകളും മാറ്റി സ്ഥാപിക്കും. ക്ലാസ്സ് മുറികളിൽ ലൈറ്റ്, ഫാൻ എന്നിവ ലഭ്യമാകും.

▶ സ്കൂൾ ഉച്ചഭക്ഷണ പരിപാടി

ഗുണനിലവാരമുള്ള ഭക്ഷണം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്നതിനായി നിലവിലുള്ള പല കാര്യങ്ങളും മാറ്റി സ്ഥാപിക്കും. കുട്ടികൾക്കിരുന്ന് ഭക്ഷണം കഴിക്കുവാൻ വേണ്ടി പുതിയ ഡൈനിംഗ് റൂം നിർമ്മിക്കും. ഭക്ഷണം കഴിക്കാനുള്ള പാത്രം, ഗ്ലാസ്സ് എന്നിവ ആവശ്യത്തിന് ലഭ്യമാക്കും.

ൠൠ

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:** പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ് .എം. അവതരണ മികവ്. | **സെന്റ് മേരീസ് എഫ് .എം.** വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>**ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു.** | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം- അടിക്കുറിപ്പ്<br>9. ചിത്രം- കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ- വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഹിന്ദി

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ.<br>• അക്ഷരകാർഡ്,വാക്കുകൾ എഴുതിയ കാർഡ്<br>• class ൽ അക്ഷരമാല പ്രദർശനം.<br>• ഓൺലൈൻ അക്ഷരമാല കളികൾ.<br>• വാക്കുകൾ എഴുതിയ കാർഡുകൾ.<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം<br>• (HS വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ PRE-TEST നടത്തി,മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം) | JUNE to AUGUST | അക്ഷരചാർട്ട് പാഠപുസ്തകം | BRC<br>DIET<br>SCERT(ആവശ്യമെങ്കിൽ)<br>Resource teachers |
| 2 | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.) | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം<br>• ................ | September to October | ഹിന്ദി നിഘണ്ടു. | PTA,BRC<br>Resource Teacher |

| | | | | | |
|---|---|---|---|---|---|
| 3 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം. (സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ളി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്റ്റംബർ 14, ജനുവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറിപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ<br>• വായനമൂല<br>• ഹിന്ദിക്ലബ്ബ് പ്രവർത്തനങ്ങൾ | November to February. | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |
| | | | | | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം, ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാദിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | **My Droplets** കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Alert Zone** സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Run Baby Run** ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Fun time Funda** കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | **The Grand Camp** ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്<br>ആറിന് **Role play** നാടകം എന്നിവ പ്രച്ഛന്നവേഷരായി<br>ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ** ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) **അത്ഭുത കണ്ണിലൂടെ:** കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2) **ശാസ്ത്ര ലോകത്തേക്ക്:** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3) **ഹൈടെക് വേൾഡ്:** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| | സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4) **ആയുർരേഖ:** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |

## മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ. | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ്, ഹരിത സേന സീഡ് | കൃഷി വകുപ്പ്, ഹരിത സേന സീഡ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| 5) വൈജ്ഞാനിക ബഹിർസ്ഫുരണം: അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | മാനേജ്മെന്റ് |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്** ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം** ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

## മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ആശയ ധാരണ കൈവരിക്കൽ | **ഒപ്പത്തിനൊപ്പം,** പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേർസ് ഗ്രാന്റ് |
| 3) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |

## മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് | പി.ടി.എ |
| 5) സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘ തലവൻ | |
| 6) അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 7) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം: കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, മാനേജ്മെന്റ് |
| 8) ഗണിത മത്സരവേദിയിലേക്ക്: മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 9) ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ. | മെയ് / ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 10) രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ, HM, പി.ടി.എ. പ്രസിഡണ്ട് | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്** സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്** അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip** ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്** ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച** ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## പ്രവർത്തനം - വിശദാംശങ്ങൾ

**ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം**
**പ്രവർത്തനം 1 - ഭാഷാശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴു താനും സംസാരി ക്കാനും ഉള്ള ശേഷി വികസനം. | 1).ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ. | എല്ലാ ക്ലാസ്സും | ബന്ധപ്പെട്ട ടീച്ചർ | |
| | 2). ഇംഗ്ലീഷ് ക്ലബ്ബി ന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ - ഇംഗ്ലീഷിൽ ഡിബേറ്റ്, സെമി നാർ, പ്രസംഗം തുടങ്ങിയവ സംഘ ടിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം ഒരു വർഷ ത്തേക്ക് | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി, ക്ലാസ് ടീച്ചർ ഇൻചാർജ് | |
| | 3). ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. മാറി മാറി ഓരോ ക്ലാസിനും ചുമതല | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |
| | 4). ഇംഗ്ലീഷിൽ ഡയറി എഴുത്ത് - ഓരോ കുട്ടിയും. | എല്ലാ ദിവ സവും - തുടർച്ച യായി | ഇംഗ്ലീഷ് അധ്യാപ കർ | |

**ഉപമേഖല: ഇംഗ്ലീഷ്**
**പ്രവർത്തനം: 2 ഇംഗ്ലീഷ് തിയറ്റർ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | 1). ഇംഗ്ലീഷ് കഥ, കവിത - രചനാ ക്യാമ്പ്. ഉൽപ്പന്ന ങ്ങൾ പ്രസിദ്ധീകരി ക്കൽ - (CPTAകാ ണിക്കൽ). | 3 മാസ ത്തിൽ ഒരിക്കൽ - 1 വർഷം | ഇംഗ്ലീഷ് ടീച്ചർ | 2000/പി.ടി.എ, പ്രാദേശിക സഹായം |

| | | | | |
|---|---|---|---|---|
| | 2). പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം. സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ രീതികൾ. | മാസത്തിൽ ഒരിക്കൽ. | ഇംഗ്ലീഷ് ടീച്ചർ, ക്ലബ്ബ് സെക്രട്ടറി | 2000/പി.ടി.എ |
| | 3). ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | - |
| | 4). ഇംഗ്ലീഷ് സിനിമാ പ്രവർത്തനം. | 2 മാസത്തിൽ | ഇംഗ്ലീഷ് ക്ലബ്ബ് ഇൻചാർജ് | പി.ടി.എ |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | സ്കൂൾ അധിക സമയം ക ത്തി (9 to 10, 4 to 5) വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ് | ഇംഗ്ലീഷ് ടീച്ചർ ആഴ്ചയിൽ 2 ദിവസം | ഇംഗ്ലീഷ് ടീച്ചർ | പി.ടി.എ 1000/for Refreshment |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ - വായനാകുറിപ്പ് തയ്യാറാക്കൽ | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | - |
| കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ. | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി | - |

| ഉപമേഖല - സാമൂഹ്യശാസ്ത്ര ബുള്ളറ്റിൻ ബോർഡ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
| സാമൂഹ്യ ശാസ്ത്ര-നൂതന അറിവുകൾ- കണ്ടെത്തലുകൾ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ S.S. കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ. | എല്ലാ ദിവസവും ഒരു വർഷം | S.S.ക്ലബ്ബ് | - |

| ഉപമേഖല - പഠനയാത്രകൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർചിത്രങ്ങൾ, ക്ഷേത്ര കലകൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 1 തവണ | S.S.ടീച്ചേർസ് | PTA |

| ഉപമേഖല - സംവാദം, സെമിനാർ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം. പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ (കൂടുതൽ അറിയാൻ) | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ, പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ 1 വീതം | SRG, S.S.Club | ജനപ്രതിനിധികൾ, 10,000/- PTA |

# കലാവിദ്യാഭ്യാസം

## ആമുഖം

കുട്ടികൾ ഒട്ടനവധി സർഗവാസനകളുടെ ഉടമകളാണ്. ഈ സർഗവാസനകളെ ശരിയായ വിധത്തിൽ ഉപയോഗിക്കുകയാണെങ്കിൽ കുട്ടകളുടെ പഠനനിലവാരം ഉയർത്തുവാനും സാമൂഹ്യനന്മയ്ക്ക് ഉപയോഗിക്കുവാനും കഴിയും.

**ലക്ഷ്യം**

- കുട്ടികളുടെ സർഗശേഷി വികസിപ്പിക്കുക.
- പഠനാനുഭവങ്ങൾക്കുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
- പഠനനിലവാരം ഉയർത്തുക.
- സാമൂഹിക വെല്ലുവിളികൾ ഏറ്റെടുക്കുക.
- സാമൂഹിക നന്മയ്ക്കായി പ്രവർത്തിക്കുക.
- സർഗശേഷി ഉപയോഗിച്ച് മറ്റുള്ളവരെ സഹായിക്കുക.

**പ്രവർത്തനങ്ങൾ**

കുട്ടികളുടെ സർഗശേഷി കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി എല്ലാ വർഷവും വ്യത്യസ്ഥമായ കലാപ്രവർത്തനങ്ങൾ സംഘടിപ്പിക്കാറുണ്ട്. സമൂഹം നേരിടുന്ന കാലിക പ്രസക്തിയുള്ള വിഷയങ്ങൾ പ്രമേയമാക്കാറുണ്ട്. കുട്ടികളുടെ സർഗശേഷിയെ സമൂഹത്തിന് ബോധ്യപ്പെടുത്തിക്കൊടുക്കുന്നതിനും അതിലൂടെ സാമൂഹിക മനസാക്ഷി ഉണർത്തുന്നതിനും ഇടയാക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നു.

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|
| 1) | സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ | കഥയരങ്ങ് /കവിയരങ്ങ് കഥാരചന ശിൽപശാല | V to X | രണ്ടുമാസത്തിൽ ഒരു പ്രാവശ്യം | ലൈബ്രറി ICT | വിദ്യാരംഗം കലാസാഹിത്യം അദ്ധ്യാപകർ കവികൾ |
| 2) | കലാവാസനകൾക്ക് പരിപോഷണം | നൃത്തം, സംഗീതം തുടങ്ങിയ കലകളുടെ പരിശീലനത്തിനായി പരിശീലനകേന്ദ്രം, ഒഴിവുസമയങ്ങളിലും കലപഠന പീരീഡുകളിലും പരിശീലനം | V to X | നിരന്തര പ്രവർത്തനം | ആർട്ട്സ് ക്ലബ്ബ് ICT | കലാഅദ്ധ്യാപകൻ മികവുറ്റ കലാകാരന്മാരുടെ സന്ദർശനം |

# കായികപരിശീലനം

## ആമുഖം

കുട്ടിയുടെ സമഗ്ര വികാസമാണ് ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ മുഖ്യ ലക്ഷ്യം. അതിൽ കായിക-ആരോഗ്യ വിദ്യാഭ്യാസത്തിന് അതിന്റേതായ പ്രാധാന്യം ഉണ്ട്. കുട്ടിയുടെ വൈജ്ഞാനിക വികാസം മാത്രമല്ല മാനസിക ശാരീരിക വികാസവും കൂടി ലക്ഷ്യമിടേണ്ടതുണ്ട്. പ്രതീക്ഷിത പഠന നേട്ടങ്ങൾ കായികപരമായി സാധ്യമാക്കുന്നതിനായി വൈവിധ്യമാർന്ന പഠന പ്രവർത്തനങ്ങളിൽ പരസ്പരം സഹവർത്തിച്ച് അറിവ് നിർമിക്കുന്ന വിദ്യാലയമാണ് വിഭാവനം ചെയ്യുന്നത്.

### ലക്ഷ്യം

- സ്കൂളിലെ മുഴുവൻ കുട്ടികളേയും ചെറു പ്രായത്തിൽ തന്നെ വ്യായാമശീലം പരിശീലിപ്പിക്കുക.
- കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുക.
- കുട്ടികളുടെ ആത്മവിശ്വാസവും അപകടങ്ങളിൽനിന്നും സ്വയം രക്ഷപെടാനുള്ള കഴിവും ഉണ്ടാക്കുക.
- അപകടങ്ങളിൽ പെടുന്നവരെ രക്ഷിക്കുന്നതിനുള്ള മനോഭാവവും സന്നദ്ധ പ്രവർത്തനത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുക.

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|
| 1) | കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം കുട്ടികൾക്ക് | V to X | ആഴ്ചയിൽ മൂന്നു ദിവസം | സ്കൂൾ ഗ്രൗണ്ട് | അദ്ധ്യാപകർ, കായിക അദ്ധ്യാപകർ |
| 2) | അവാർഡ് / സമ്മാനം നൽകി ആദരിക്കൽ | സ്കൂൾ തലം, ഉപജില്ലാതലം, ജില്ലാതലം, സംസ്ഥാനതലം വിജയികൾക്ക് അവാർഡ് നൽകൽ | V to X | ഓരോ തലത്തിലേയും മത്സരങ്ങൾക്ക് ശേഷം | | അദ്ധ്യാപകർ മറ്റ് കായിക മേഖലകളിൽ പ്രവർത്തിക്കുന്ന പ്രശസ്തരുടെ ക്ലാസ്സുകൾ യോഗ അദ്ധ്യാപകർ |
| 3) | ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക്പ്രദാനം ചെയ്യൽ | വായുസഞ്ചാരമുള്ള മുറി ആവശ്യമായ ഉപകരണങ്ങളോടെ യോഗ പരിശീലനത്തിനു വേണ്ടി സജ്ജമാക്കൽ | V to X | ആഴ്ചയിൽ ഒന്ന് വീതം | ആവശ്യമുള്ള മുറി, യോഗ ഉപകരണങ്ങൾ | |

# പ്രവർത്തിപരിചയം

## ആമുഖം

പഠനം ക്ലാസ്മേറികളിൽ മാത്രം ഒതുക്കി നിർത്തേണ്ടതല്ല. അതിന് അനവേഷണവും പരിശീലനവും നിരീക്ഷണവും ആവശ്യമാണ്. അതിനായി കുട്ടികളെ ജീവിതശൈലികളും സഹവാസങ്ങളും കലകളും കൈത്തൊഴിലുകളും പരിശീലിപ്പിക്കേണ്ടതുണ്ട്. പഠനപുരോഗതി മാത്രമല്ല അവനിൽ അന്തർലീനമായി കിടക്കുന്ന പ്രത്യേക കഴിവുകളെ കണ്ടെത്തി അത് ഭാവിയിൽ കൈ തൊഴിലായി ഉപയോഗിക്കാനും ഉതകുന്ന തരത്തിൽ അവനെ എത്തിക്കുക എന്നതിലൂടെ സമഗ്ര വികസനം സാധ്യമാക്കാൻ ലക്ഷ്യമിടുന്നു.

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|
| 1) | കുട്ടികളുടെ പ്രവൃത്തി പരിചയത്തിലുള്ള കഴിവുകൾ പ്രോത്സാഹിപ്പിക്കുക | പ്രവൃത്തി പരിചയ ക്ലാസ് സമയങ്ങളിൽ ഓരോ കുട്ടിയുടേയും കഴിവിനനുസരിച്ച് പരിശീലിപ്പിക്കുക | V to X | നിരന്ത പ്രവർത്തനം | ആവശ്യമുള്ള അസംസ്കൃത വസ്തുക്കൾ | |
| 2) | പാഴ്വസ്തുക്കൾ, അസംസ്കൃതവസ്തുക്കൾ ഇവയിൽ നിന്നെല്ലാം പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിലുടെ കുട്ടികളുടെ സർഗാത്മക ശേഷി വികാസം | • ഭിന്നശേഷി വിഭാഗക്കാരെ കൂടുതൽ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തൽ<br>• പേപ്പർ ക്യാരി ബാഗ്, ബുക്ക്, പാവ നിർമാണം<br>• മേളകളിൽ | V to X<br>V to X<br>V to X | തുടർ പ്രവർത്തനം<br>നിരന്ത പ്രവർത്തനം<br>മേളയുടെ സമയം | പാഴ്വസ്തുക്കൾ | അദ്ധ്യാപകർ |

# വിവരസാങ്കേതികവിദ്യ

## ആമുഖം

കുട്ടികളിൽ കൗതുകവും താത്പര്യവും വളർത്തികൊണ്ട് പഠനം സുഗമമാക്കുന്നതിൽ ഐ.റ്റി സാധ്യതകൾ അനന്തമാണ്. വിവിധ വിഷയങ്ങളിൽ വിവിധ ക്ലാസ്സുകളിൽ രൂപപ്പെട്ടുവരേണ്ട ആശയങ്ങൾ, ധാരണകൾ ഇവയെല്ലാം അനായാസം നേടിയെടുക്കുന്നതിന് ഏറ്റവും ചെറിയ ക്ലാസുകൾ മുതൽ ഐ.റ്റി അധിഷ്ഠിത വിദ്യാഭ്യാസം അനിവാര്യമാണ്.

### ലക്ഷ്യം

- പ്രൈമറി ക്ലാസുകൾ മുതൽ ഐ.റ്റി അധിഷ്ഠിത ക്ലാസുകൾ
- പഠനഭാരം ലഘൂകരിക്കുക
- ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പരമ്പരാഗത പഠന രീതിയിൽ മാറ്റം വരുത്തുക
- വിദ്യാലയത്തെ അറിവിന്റെയും മികവിന്റെയും കേന്ദ്രമാക്കുക
- ആധുനിക സാങ്കേതിക വിദ്യയിൽ എല്ലാ കുട്ടികൾക്കും പരിജ്ഞാനം

# ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസം

| നം | പ്രവർത്തനം | ഉദ്ദേശ്യം |
|---|---|---|
| 1 | രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും ബോധവത്കരണ ക്ലാസ്സുകൾ | ആനുകൂല്യങ്ങളെക്കുറിച്ചും, അവകാശങ്ങളെക്കുറിച്ചും മനസ്സിലാക്കുക |
| 2 | വിനോദയാത്രകൾ | |
| 3 | ദിനാചരണങ്ങൾ | ദിനങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിന് |
| 4 | • പേപ്പർ ക്രാഫ്റ്റ്<br>• പൂക്കൾ നിർമ്മാണം<br>• കവർനിർമ്മാണം<br>• പൂക്കൂട നിർമ്മാണം | തൊഴിൽ പരിശീലനം നേടുക |
| 5 | കായികക്ഷമത<br>• ഓട്ടം<br>• ചാട്ടം<br>• കളികൾ | കായികമായ കഴിവുകൾ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും |
| 6 | കലാപ്രവർത്തനങ്ങൾ<br>• പാട്ട്<br>• നൃത്തം | കലാപരമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് |
| 7 | അനുകൂല വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ | മറ്റു കുട്ടികളോടൊപ്പം പഠിക്കാനുള്ള സൗകര്യം ഒരുക്കൽ |
| 8 | വായന<br>• ചിത്രവായന<br>• പതിപ്പ് തയ്യാറാക്കൽ | ഭാഷ മെച്ചപ്പെടുന്നതിന് |
| 9 | സസ്യപരിപാലനം<br>• ചെടികൾ<br>• പച്ചക്കറികൾ | കൃഷിയോടുള്ള താൽപര്യം മെച്ചപ്പെടുത്തുന്നതിന് |

ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസം ലക്ഷ്യമിടുന്നത്

1. ഭിന്നശേഷിക്കാർക്ക് സഹായകമായ വിധത്തിൽ ക്ലാസ്സ്മുറി ഒരുക്കുക
2. സാമൂഹിക പങ്കാളിത്തത്തോടെ സുരക്ഷ ഉറപ്പാക്കൽ
3. വിദഗ്ധരുടെ സേവനം വിനിയോഗപ്പെടുത്തൽ
4. തുടർപഠനത്തിന് ആവശ്യമായ സഹായങ്ങൾ നൽകൽ
5. തൊഴിൽ പരിശീലനം നൽകൽ

മേഖല : അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു.
- ✓ ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

## എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ✓ അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ✓ ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ✓ | ഹ്രസ്വം ജൂൺ – ജൂലൈ |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ✓ | മധ്യകാലം ഓഗസ്റ്റ് – സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ – ജനുവരി |

## ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. ✓ | ഹ്രസ്വം ജൂൺ – ജൂലൈ |

| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു.<br>ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു.<br>സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം<br>ഓഗസ്റ്റ് - സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു.<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു.<br>ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം<br>ഡിസംബർ - നവംബർ |

പത്താംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം<br>ജൂൺ - ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം<br>ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു.<br>കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു.<br>സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു.<br>ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രകുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br>എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം<br>നവംബർ ജനുവരി |

## പ്രവർത്തനം - വിശദാംശങ്ങൾ

| ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം<br>പ്രവർത്തനം 1 - ഭാഷാശേഷി വികസനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം. | 1).ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ. | എല്ലാ ക്ലാസ്സും | ബന്ധപ്പെട്ട ടീച്ചർ | |
| | 2). ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ - ഇംഗ്ലീഷിൽ ഡിബേറ്റ്, സെമിനാർ, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക് | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി, ക്ലാസ് ടീച്ചർ ഇൻചാർജ് | |
| | 3). ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. മാറി മാറി ഓരോ ക്ലാസിനും ചുമതല | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |
| | 4). ഇംഗ്ലീഷിൽ ഡയറി എഴുത്ത് - ഓരോ കുട്ടിയും. | എല്ലാ ദിവസവും - തുടർച്ചയായി | ഇംഗ്ലീഷ് അധ്യാപകർ | |

| ഉപമേഖല: ഇംഗ്ലീഷ്<br>പ്രവർത്തനം: 2 ഇംഗ്ലീഷ് തിയറ്റർ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | 1). ഇംഗ്ലീഷ് കഥ, കവിത - രചനാ ക്യാമ്പ്. ഉൽപ്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ - (CPTAകാണിക്കൽ). | 3 മാസത്തിൽ ഒരിക്കൽ - 1 വർഷം | ഇംഗ്ലീഷ് ടീച്ചർ | 2000/പി.ടി.എ, പ്രാദേശിക സഹായം |

| | | | | |
|---|---|---|---|---|
| | 2). പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം. സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ രീതികൾ. | മാസത്തിൽ ഒരിക്കൽ. | ഇംഗ്ലീഷ് ടീച്ചർ, ക്ലബ്ബ് സെക്രട്ടറി | 2000/പി.ടി.എ |
| | 3). ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | - |
| | 4). ഇംഗ്ലീഷ് സിനിമാ പ്രവർത്തനം. | 2 മാസത്തിൽ | ഇംഗ്ലീഷ് ക്ലബ്ബ് ഇൻചാർജ് | പി.ടി.എ |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | സ്കൂൾ അധിക സമയം കണ്ടെത്തി (9 to 10, 4 to 5) വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ് | ഇംഗ്ലീഷ് ടീച്ചർ<br>ആഴ്ചയിൽ 2 ദിവസം | ഇംഗ്ലീഷ് ടീച്ചർ | പി.ടി.എ 1000/for Refreshment |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ - വായനാകുറിപ്പ് തയ്യാറാക്കൽ | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | - |
| കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ. | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി | - |

## ഉപമേഖല - മലയാളം
### പ്രവർത്തനം 1 - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1). എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം (ശ്രദ്ധ, നവപ്രഭ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1). അക്ഷരം ഉറപ്പിക്കൽ<br>2).ചിഹ്നം ഉറപ്പിക്കൽ<br>3). പദ നിർമ്മാണം<br>4).വാകൃനിർമ്മാണം<br>5). ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 2 മാസം 1 വർഷ ക്കാലം | മലയാളം ടീച്ചർ, SRG | PTA, Dept. |
| 2).എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക | 1. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ.<br>2.ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3. പുതുവർഷം പുസ്തകവർഷം<br>4.ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>5. വായനക്കൊരു വാർഷിക പദ്ധതി (ഓരോ ക്ലാസ്സിലെയും വായനാ ലക്ഷ്യം തീരുമാനിക്കൽ)<br>6. സ്കൂൾ ലൈബ്രറി നവീകരണം<br>7.റീഡിംഗ് റൂം പ്രത്യേക സൗകര്യമൊരുക്കൽ<br>8.വായനോത്സവം<br>9.ജന്മദിന പുസ്തകം<br>10.പത്രവായന | 6 മാസം-1 വർഷം<br>ആവശ്യമനുസരിച്ച്<br>3 മാസം<br>6 മാസം-1 വർഷം | വിദ്യാരംഗം ചാർജ് മലയാളം ടീച്ചർ<br>മലയാളം അധ്യാപകർ, SRG<br>മലയാളം ടീച്ചർ | PTA<br>PTA 10,00,000/-<br>-<br>-<br>- |

| ഉപമേഖല: | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക/ പിന്തുണ |
| 1.പത്രവായന പരിപോഷിപ്പിക്കുക | പത്രവായന - പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ. | 3 മാസം | വിദ്യാരംഗം ഇൻ ചാർജ് | PTA |
| | ഓരോ ക്ലാസിനും ഓരോ പത്രം. | | " | |
| | രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം പത്ര ക്വിസ് | ദിവസേന<br>ആഴ്ചയിൽ ഒരു ദിവസം | മലയാളം അധ്യാപകർ | PTA |
| 2.സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ | | | |
| | സാഹിത്യക്വിസ്- രചനാ ശില്പശാല (കവിത,കഥ) | വർഷത്തിൽ 1 തവണ | SRG | PTA |
| | കവിതാലാപന മത്സരം | മാസത്തിൽ 1 തവണ | വിദ്യാരംഗം | |
| | ക്ലാസ്തല, സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ | മാസത്തിൽ 1 തവണ<br>6 മാസത്തിൽ ഒരിക്കൽ | വിദ്യാരംഗം<br>SRG | PTA<br>15000/-<br>Sponsorship |
| | പുസ്തകചർച്ച, പുസ്തകാസ്വാദനം ഇ-വായന | മാസത്തിൽ 1 തവണ | വിദ്യാരംഗം | |
| | സാഹിത്യകാരനുമായി സംവദിക്കൽ | വർഷത്തിൽ 1 തവണ | വിദ്യാരംഗം<br>SRG | PTA |
| | അമ്മമാർക്കൊരു പുസ്തകം (വീടുകളിലേക്ക് കുട്ടികൾ വശം) | ആഴ്ചയിൽ ഒരിക്കൽ | വിദ്യാരംഗം | |

## ഉപമേഖല - ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| വിവിധ ശേഷി കളുടെവികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാച രണങ്ങൾ പഠനപ്ര വർത്തനമായി സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | SRG | - |

## ഉപമേഖല - സോഷ്യൽ സയൻസ് - മോക്ക് പാർലിമെന്റ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| ജനാധിപത്യമൂ ല്യങ്ങൾ വളർത്തിയെടു ക്കൽ | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപ യോഗിച്ചുള്ള വോട്ടെ ടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലിമെന്റ് രൂപീകരണം | | | |
| | തുടർന്ന് മോക്ക് പാർലിമെന്റ് സംഘ ടിപ്പിക്കൽ | വർഷത്തിൽ നാല് തവണ | SS അധ്യാപക കർ, സ്കൂൾ പാർലിമെന്റ് ഭാരവാഹികൾ | |

## ഉപമേഖല - സാമൂഹ്യശാസ്ത്രം ലൈബ്രറി കോർണർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര പഠനം കാര്യ ക്ഷമമാക്കൽ | അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ തുട ങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവ യിൽ | വർഷത്തിൽ 1 തവണ | SS Teachers | - |
| | പ്രദർശിപ്പിക്കൽ തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിത രണം. | ആഴ്ചയിൽ 1 തവണ | " | - |

| ഉപമേഖല - സാമൂഹ്യശാസ്ത്ര ബുള്ളറ്റിൻ ബോർഡ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
| സാമൂഹ്യ ശാസ്ത്ര-നൂതന അറിവുകൾ- കണ്ടെത്തലുകൾ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ S.S. കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ. | എല്ലാ ദിവസവും<br>ഒരു വർഷം | S.S.ക്ലബ്ബ് | - |

| ഉപമേഖല - പഠനയാത്രകൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർചിത്രങ്ങൾ, ക്ഷേത്ര കലകൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 1 തവണ | S.S.ടീച്ചേർസ് | PTA |

| ഉപമേഖല - സംവാദം, സെമിനാർ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം. പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ (കൂടുതൽ അറിയാൻ) | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ, പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ 1 വീതം | SRG, S.S.Club | ജനപ്രതിനിധികൾ, 10,000/- PTA |

## അക്കാദമിക മികവിനായി ഏറ്റെടുക്കേ പ്രവർത്തനങ്ങൾ

**വികസന ലക്ഷ്യങ്ങൾ**

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
4. വായനാ ശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം & SS
7. പ്രതിഭാപോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. ജൈവ വൈവിധ്യപാർക്ക് - ഒരുക്കൽ
10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
11. പഠനയാത്രകൾ
12. സ്കൂൾ പത്രം, മാസിക
13. അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
14. പ്രവൃത്തി പരിചയ പരിശീലനം
15. കലാപരിപോഷണം
16. പച്ചക്കറിത്തോട്ടം
17. സാഹിത്യ ശില്പശാലകൾ
18. മെഡിക്കൽ ക്യാമ്പുകൾ
19. രക്തഗ്രൂപ്പ് നിർണയം
20. ലഘുഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ
21. സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
22. ഭാഷാ ലാബ്

23. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
24. ഗവേഷണാത്മക പഠനം
25. കായികശേഷി വികസനം
26. വിലയിരുത്തൽ കാര്യക്ഷമമാക്കൽ
27. ചോദ്യപേപ്പർ ശില്പശാല
28. ഐ.ടി.പഠനം - കാര്യക്ഷമമാക്കൽ
29. ജന്മദിന പുസ്തകം
30. ചിത്രരചനാ ക്യാമ്പ്
31. ശാസ്ത്ര, ഗണിതശാസ്ത്ര, SS, IT, പ്രവൃത്തി പരിചയ മേളകൾ
32. ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

## നാം നേരിടുന്ന വെല്ലുവിളികൾ

വിദ്യാഭ്യാസ രംഗത്തെ രണ്ടാം തലമുറ പ്രശ്നങ്ങളായ തുല്യത, ഗുണത എന്നിവ ഉറപ്പാക്കൽ

- ഇവയെ അഭിമുഖീകരിക്കാൻ കഴിയും വിധം സ്കൂൾ പഠനാന്തരീക്ഷത്തെയും പഠന പരിസരത്തെയും മാറ്റിയെടുക്കൽ
- പുതിയ വെല്ലുവിളി ഏറ്റെടുക്കുന്നതിന് അധ്യാപക സമൂഹത്തെ പരിവർത്തിപ്പിക്കൽ
- രക്ഷിതാക്കളിൽ ഗുണമേന്മാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കൽ
- ഇതിനെല്ലാം അനുയോജ്യമായി വിദ്യാഭ്യാസ സംവിധാനത്തിന്റെയും ഭരണനിർവഹണ പങ്കാളികളുടെയും മനോഭാവം മാറ്റിയെടുക്കൽ, പുത്തൻ കടമാബോധം സ്വാംശീകരിക്കൽ
- കുട്ടികളുടെ സർവതോന്മുഖമായ വികാസത്തിനു പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തൽ
- നാട്ടിൽ ലഭ്യമായ വൈദഗ്ധ്യത്തെ കുട്ടിയുടെ ഗുണമേന്മാ വിദ്യാഭ്യാസത്തിന് മുതൽക്കൂട്ടാക്കൽ
- സ്കൂൾ വിദ്യാഭ്യാസത്തിൽ ഇടപെടുന്ന എല്ലാ സംവിധാനങ്ങളെയും ഏകോപിപ്പി

### <u>പ്രതീക്ഷിക്കുന്ന അക്കാദമിക നേട്ടങ്ങൾ</u>

- 5 മുതൽ 12 വരെയുള്ള ഓരോ ക്ലാസ്സിലും കുട്ടി പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. ഒപ്പം, മത നിരപേക്ഷ ജനാധിപത്യ സംസ്കാരം വികസിക്കാനാവശ്യമായ മൂല്യബോധം സൃഷ്ടിക്കപ്പെടും.
- എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാക്കുക. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
- മികച്ച ശാരീരിക-മാനസിക-വൈകാരിക-ആരോഗ്യം ഉറപ്പാക്കും. മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി, ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക.
- ആരോഗ്യകരമായ സ്ത്രീ-പുരുഷ ബന്ധത്തെക്കുറിച്ചും തുല്യതയെ കുറിച്ചും ലിംഗ സമത്വത്തെക്കുറിച്ചുമുള്ള കാഴ്ചപ്പാട് സ്കൂൾ ഘട്ടത്തിൽ തന്നെ കുട്ടികൾക്ക് മനസ്സിലാക്കാനാവശ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
- വിദ്യാലയ പ്രവർത്തനങ്ങൾക്കു പിന്തുണയും ശ്രദ്ധയുമുറപ്പാക്കാൻ ജനകീയ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.
- സംഘപഠനമുൾപ്പെടെയുള്ള വൈവിധ്യമാർന്ന മാർഗങ്ങളിലൂടെ ആർജിക്കുന്ന അറിവുകളെയും കഴിവുകളെയും വ്യക്തിഗതമായി വിലയിരുത്തുന്ന രീതി അവലംബിക്കുക.

- തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണയ പ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യ ഭാഗമാക്കി മാറ്റുക.
- പഠനത്തെ പരിസര ബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസ പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും അതുവഴി സ്കൂൾ കാമ്പസിനെ ഒരു പാഠപുസതകമായി വികസിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഓരോ സ്കൂൾ കാമ്പസും ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റുക.
- പാരിസ്ഥിത അവബോധം, സാമൂഹിക അവബോധം മാലിന്യ നിർമാർജ്ജന അവ ബോധം വിമർശന അവബോധം എന്നിവ ഉളവാക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.

# ഉപസംഹാരം

അനന്യമായ വിദ്യാഭ്യാസ മാതൃകകൾ സൃഷ്ടിക്കുന്നതിലുള്ള ധീരമായ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഓരോ വിദ്യാർത്ഥിയുടെയും കഴിവുകളെ അതിന്റെ പാരമ്യതയിലെത്തിക്കാൻ കേരളം ആഗ്രഹിക്കുന്നു. നവകേരളത്തിന്റെ സൃഷ്ടാക്കൾ എന്ന നിലയിൽ അധ്യാപക സമൂഹത്തിൽ നിന്നും ആവേശകരമായ പ്രതികരണം ലഭിച്ചുകൊണ്ടിരിക്കുന്നു. വിദ്യാലയങ്ങളിലാകെ പ്രതീക്ഷാനിർഭരമായ പ്രവർത്തനങ്ങൾ നടക്കുന്നു. രക്ഷിതാക്കളും സമൂഹവും വിദ്യാലയങ്ങൾക്ക് കരുത്തു പകരുവാൻ അണിചേരുകയാണ്. നൂതനമായതും വ്യത്യസ്തവും സർഗാത്മകവുമായ വഴികളിലൂടെ നാം സഞ്ചരിക്കേ ണ്ടിയിരിക്കുന്നു. പുതിയ അന്വേഷണങ്ങൾ വഴി തുറന്നിടുകയാണ്. നവീനമായ ആശയങ്ങൾ ഉത്പാദിപ്പിക്കേണ്ടതുണ്ട് നമ്മുടെ വിദ്യാലയവും ഇത്തരത്തിലൊരു മുന്നേറ്റത്തിന് ഒരുങ്ങി കഴിഞ്ഞു. നമ്മുടെ വിദ്യാലയത്തെ ക്രിയാത്മകവും ഗുണ മേന്മയിലൂന്നിയതുമായ പ്രവർത്തന പഥത്തിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ യാണ് നാം മുന്നോട്ട് എന്ന കർമ്മപരിപാടിയിൽ എത്തി ചേർന്നിരിക്കുന്നത്.

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാ പ്രക്രിയയായ വിദ്യാഭ്യാസരംഗത്തെ സ്വകാര്യവത്കരണം ഇപ്പോൾ തന്നെ ദൂര വ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടേയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നത്. സമൂഹത്തോട് പ്രതിബദ്ധതയുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ കഴിയുക, പാരമ്പര്യത്തിന്റെ കണ്ണികൾ കൂട്ടിച്ചേർക്കുക. പൈതൃകസമ്പത്തിൽ നിന്ന് ഊർജ്ജം നേടുക. ഇങ്ങനെ വ്യക്തമായ ലക്ഷ്യ ബോധത്തോടെ ഗാന്ധിജി രൂപപ്പെടുത്തിയ അടിസ്ഥാന വിദ്യാഭ്യാസ പദ്ധതി ഈ അവസരത്തിൽ നാം വീണ്ടും ഓർക്കേണ്ടണ്ടതുണ്ട്. നാട്യങ്ങൾ ഏതുമില്ലാത്ത നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തു സൂക്ഷിക്കുന്നതിനും കുടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്ന ഇതിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ട് വിചാരവും വാക്കും പ്രവൃത്തിയും ഒന്നാക്കി നമുക്ക് മുന്നേറാം....

ശുഭം